**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4811** **19-03-2025 - ൽ മറുപടിയ്ക്ക്**

**യുവത മാസികയുമായി ബന്ധപ്പെട്ട പരാതിന്മേലുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും പുറത്തിറക്കിയിരുന്ന യുവത മാസികയുമായി ബന്ധപ്പെട്ട് ബോർഡിലെ ഒരു ജീവനക്കാരൻ ബിനാമി സ്ഥാപനം വഴി സാമ്പത്തിക ക്രമക്കേട് നടത്തിയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടുകയോ ആയത് സംബന്ധിച്ച് പരാതി ലഭിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; | (എ) | **ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും പുറത്തിറക്കിയിരുന്ന യുവത മാസികയുടെ പേരിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് വിവിധ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ശ്രീ.ധർമ്മദാസ്.ഡി വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ച പരാതി പരിശോധിച്ച് ബോർഡിന്റെ ആറാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം യുവത മാസികയുടെ ലേ ഔട്ട് നിർവ്വഹിക്കുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനമായ സെവൻ സ്റ്റാർ ഗ്രാഫിക്സിന് ലേ ഔട്ട് ജോലികൾ നിർവ്വഹിക്കുന്നതിനായി വർക്ക് ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം വർക്കുകൾ സമയബന്ധിതമായി ചെയ്യുകയും വർക്ക് ഓർഡറിൽ പറഞ്ഞ പ്രകാരമുള്ള നിരക്ക് സ്ഥാപനത്തിന് നൽകുകയും ചെയ്യെന്നും ടി സ്ഥാപനത്തിന് ലേ ഔട്ട് നിർവ്വഹിക്കുന്നതിന്റെ ചുമതല മാത്രമാണ് നൽകിയിട്ടുള്ളതെന്നും പരാതിയിൽ പരാമർശിച്ചിട്ടുള്ളതുപോലെ പ്രിന്റിംഗ് ജോലികൾ ടി സ്ഥാപനത്തിന് നൽകിയിട്ടില്ലെന്നും നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചാണ് ടി സ്ഥാപനത്തിന് ലേ ഔട്ടിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുള്ളതെന്നും യുവത മാസിക ലേ ഔട്ട് നിർവ്വഹിച്ചതിന് പ്രതിഫലമായി ചെക്കുകൾ നൽകിയിട്ടില്ലെന്നും സെവൻ സ്റ്റാർ എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളതെന്നും ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ മേൽ വിവരം അപേക്ഷകനായ ശ്രീ.ധർമ്മദാസ്.ഡി യെയും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറെയും അറിയിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | **ഇതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൻമേൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതും ബോർഡിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാതിയിൽ കഴമ്പില്ലെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്.** |
| (സി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് വിജിലൻസിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | **പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ശ്രീ.ധർമ്മദാസ്.ഡി, കാഞ്ഞിരംപാറ, തിരുവനന്തപുരം എന്നയാൾ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതിയിൻമേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനാണ് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ ശിപാർശ ചെയ്തിരുന്നത്. ആയതിൻമേൽ നടപടി സ്വീകരിച്ച് നടപടി വിവരം അപേക്ഷകനായ ശ്രീ.ധർമ്മദാസ്.ഡി യെയും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറെയും അറിയിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).** |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

കായിക യുവജനകാര്യ (ബി) വകുപ്പ്

നം.ബി1/3/2025-എസ്.വൈ.എ 24-02-2025,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ.ധർമ്മദാസ്.ഡി, റ്റി.സി. 7/227,

വി.കെ.പി നഗർ, കാഞ്ഞിരംപാറ.പി.ഒ,

തിരുവനന്തപുരം - 695030.

സർ,

വിഷയം:- യുവതാ മാസിക സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ശ്രീ.ധർമ്മദാസ്.ഡി വിജിലൻസിൽ നൽകിയ പരാതി സംബന്ധിച്ച്

സൂചന:- 1. താങ്കൾ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ സൂപ്രണ്ടിന് സമർപ്പിച്ച 2.11.24 - ലെ കത്ത്.

2. വിജിലൻസ് ഡയറക്ടറുടെ 18.11.24 ലെ CPSP-1-47042/2024/ DVACB നമ്പർ കത്ത്.

3. വിജിലൻസ്(ബി) വകുപ്പിന്റെ 1.1.25-ലെ വിജ്-ബി1/316/2024- വിജി നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആറാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം യുവത മാസികയുടെ ലേ ഔട്ട് നിർവ്വഹിക്കുന്നതിന് വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനമായ സെവൻ സ്റ്റാർ ഗ്രാഫിക്സിന് ലേ ഔട്ട് ജോലികൾ നിർവ്വഹിക്കുന്നതിനായി വർക്ക് ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം വർക്കുകൾ സമയബന്ധിതമായി ചെയ്യുകയും വർക്ക് ഓർഡറിൽ പറഞ്ഞ പ്രകാരമുള്ള നിരക്ക് സ്ഥാപനത്തിന്

നൽകുകയും ചെയ്തിട്ടുണ്ടെന്നും ടി സ്ഥാപനത്തിന് ലേ ഔട്ട് നിർവ്വഹിക്കുന്നതിന്റെ ചുമതല മാത്രമാണ് നൽകിയിട്ടുള്ളതെന്നും പരാതിയിൽ പരാമർശിച്ചിട്ടുള്ളതുപോലെ പ്രിന്റിംഗ് ജോലികൾ ടി സ്ഥാപനത്തിന് നൽകിയിട്ടില്ലെന്നും നടപടിക്രമങ്ങൾ പൂർണമായും പാലിച്ചാണ് ടി സ്ഥാപനത്തിന് ലേ ഔട്ടിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുള്ളതെന്നും ശ്രീ.ധർമ്മദാസ്.ഡി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടിയായി ടിയാന് ശരിയായ കണക്കുകളാണ് ബോർഡിൽ നിന്നും നൽകിയിട്ടുള്ളതെന്നും യുവത മാസിക ലേ ഔട്ട് നിർവ്വഹിച്ചതിന് പ്രതിഫലമായി ചെക്കുകൾ നൽകിയിട്ടില്ലെന്നും സെവൻ സ്റ്റാർ എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത് എന്നും മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

PRASANTHA V K

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് :- 1. വിജിലൻസ് (ബി) വകുപ്പ്

2. ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ.